# 2014 ഫെബ്രുവരി 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി-VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2014 ഫെബ്രുവരി 20-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ 5 'ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട ഊർജ്ജവകുപ്പുമന്ത്രി
ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. എം. ചന്ദ്രൻ , എം.എൽ .എ.
2. ശ്രീ. എം. ഹംസ, എം.എൽ .എ.
3. ശ്രീ. എം. എ. വാഹീദ്, എം.എൽ .എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ടി. എം. രത്നാകരൻ ,ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. ജെ. ആന്റണി, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
2. ശ്രീ. എം. രാധാകൃഷ്ണൻ , അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. എം. ശിവശങ്കർ , ചെയർമാൻ , കേരളസംസ്ഥാന വൈദ്യുതി ബോർഡ്
4. ശ്രീ. കെ. എം. ധരേശൻ ഉണ്ണിത്താൻ , ഡയറക്ടർ എനർജി മാനേജ്മെന്റ് സെന്റർ
5. ശ്രീ. കെ. കെ. ഉണ്ണി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ
6. ഡോ. എം. ജയരാജൻ , ഡയറക്ടർ , അനെർട്ട്
7. ശ്രീ. കെ. കെ. കറുപ്പൻകുട്ടി, ചീഫ് എഞ്ചിനീയർ (ഡാം സുരക്ഷ) കേരള സംസ്ഥാന വൈദ്യുതി ബോർഡ്
8. ശ്രീ. എസ്. വേണുഗോപാൽ , ഡയറക്ടർ (ഫിനാൻസ്), കേരള സംസ്ഥാന

വൈദ്യുതി ബോർഡ്

9. ശ്രീ. എം. മുഹമ്മദാലി റാവുത്തര്, ഡയറക്ടർ [വിതരണം-ജനറേഷൻ (ഇലക്ട്രിക്കല്)] കേരള സംസ്ഥാന വൈദ്യുതി ബോർഡ്

10. ശ്രീ. കെ. വിക്രമൻ നായർ , ഡയറക്ടർ (പ്രസരണം) കേരള സംസ്ഥാന വൈദ്യുതി ബോർഡ്

11. ശ്രീമതി അന്നമ്മ ജോൺ , ഡയറക്ടർ (ജനറേഷൻ ), കേരള സംസ്ഥാന വൈദ്യുതി ബോർഡ്

12. ശ്രീ. കെ. തുളസീധരൻപിള്ള, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ , കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ .

സമിതി 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXXIX (വൈദ്യുത പദ്ധതികൾ ) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്**

2014-15 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അംഗീകൃത പദ്ധതികളുടെ അടങ്കൽതുക 1300 കോടി രൂപയാണെന്നും (ഉൽപ്പാദനം 332 കോടി, പ്രസരണം 255 കോടി, വിതരണം 700 കോടി, മറ്റുള്ളവ 13 കോടി) ആര്.ജി.ജി.വൈ. പദ്ധതി പ്രകാരം 10 കോടി രൂപയും അനുവദിച്ചിട്ടുള്ളതായും ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകളിൽ 2011-12 സാമ്പത്തിക വർഷം 159,83,19,000 രൂപയും, 2012-13-ൽ 256.71 കോടി രൂപയും, 2013-14-ൽ 419.45 കോടി രൂപയും ചെലവാക്കിയിട്ടുള്ളതായും അദ്ധ്യക്ഷൻ അറിയിച്ചു.

2014-15 സാമ്പത്തിക വർഷം ഉൽപ്പാദനമേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ള 147.1 മെഗാവാട്ടിന്റെ 11 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും ഇതിൽ 38.1 മെഗാവാട്ടിന്റെ ആറ് പദ്ധതികൾ 2014-15 വർഷത്തിൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നതായും അദ്ധ്യക്ഷൻ തുടർന്നറിയിച്ചു.

പെരിങ്ങൽകുത്ത് ചെറുകിട പദ്ധതി (24 മെഗാവാട്ട്) ആനക്കയം (7.5 മെഗാവാട്ട്) ഭൂതത്താൻ കെട്ട് (24 മെഗാവാട്ട്) എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികളുടെ കരാർ

ആയിട്ടുണ്ടെന്നും അവയുടെ നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണെന്നും 2014-15-ൽ ഏഴ് പദ്ധതികൾ ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്നുണ്ടെന്നും തുടർന്നുള്ള വർഷങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന 11 പദ്ധതികൾക്കും 2014-15 വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ അതിരപ്പിള്ളിയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അദ്ധ്യക്ഷൻ വിശദമാക്കി.

കേന്ദ്രനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി തടസ്സം കൂടാതെ ലഭ്യമാക്കുക, പ്രസരണ നഷ്ടം കുറയ്ക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിനായി ഒരു 220 കെ.വി., ആറ് 110 കെ.വി., മൂന്ന് 66 കെ.വി., പന്ത്രണ്ട് 33 കെ.വി. സബ്സ്റ്റേഷനുകൾ നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നതായും, അദ്ധ്യക്ഷൻ സമിതിയെ അറിയിച്ചു. പ്രസ്തുത സബ്സ്റ്റേഷനുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത 22 പദ്ധതികളിൽ തേവലക്കര, കല്പകഞ്ചേരി, മഞ്ചേരി എന്നിവയൊഴിച്ചുള്ള എല്ലാത്തിന്റെയും സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടെന്നും, കാസർഗോഡ് ടൗണിൽ ആരംഭിക്കാനുദ്ദേശിക്കുന്ന 33 കെ.വി. സബ്സ്റ്റേഷനാവശ്യമുള്ള സ്ഥലമേറ്റെടുക്കൽ അന്തിമ ഘട്ടത്തിലാണെന്നും കെ.എസ്.ഇ.ബി. ചെയർമാൻ സമിതിയെ അറിയിച്ചു. മേല്പറഞ്ഞ പദ്ധതികളോടൊപ്പം കടമ്പഴിപ്പുഴകൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2801-80-101-99—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യ സഹായം

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽനിന്ന് ഒഴിവാക്കിയതിനുള്ള സബ്സിഡി

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽനിന്ന് ഒഴിവാക്കിയതുമൂലം ജൂലൈ 2012 മുതൽ മാർച്ച് 2014 വരെ ബോർഡിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിലേക്കായി സർക്കാർ അനുവദിച്ചിരുന്ന 555.24 കോടി രൂപയിൽനിന്നും നാളിതുവരെ 125 കോടി രൂപ മാത്രമാണ് ബോർഡിന് ലഭിച്ചത്. ബാക്കി 430.24 കോടി രൂപയിൽ 50 കോടി രൂപ 2013-14-ലെ പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശേഷിക്കുന്ന തുകയായ 38024 ലക്ഷം രൂപ 2014-15 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിക്കണ

മെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഗാർഹിക ഉപഭോക്താക്കളെ തെർമൽ സർച്ചാർജിൽനിന്നും ഒഴിവാക്കിയതുമൂലം ബോർഡിനുണ്ടായ സാമ്പത്തിക ബാധ്യത നികത്തുന്നതിലേക്കായി അനുവദിച്ച സബ്സിഡി.

പ്രതിമാസം 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ഒക്ടോബർ 2012 മുതൽ ഡിസംബർ 2012 വരെ തെർമൽ സർച്ചാർജിൽ നിന്നും ഒഴിവാക്കിയ ഇനത്തിൽ വൈദ്യുതി ബോർഡിന് നൽകാൻ തീരുമാനിച്ചിരുന്ന 2500 ലക്ഷം രൂപ 2013-14-ലെ പുതുക്കിയ സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത 2500 ലക്ഷം രൂപയും കൂടാതെ പ്രതിമാസം 20 യൂണിറ്റു വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ നിരക്ക് വർദ്ധനയിൽനിന്നും ഒഴിവാക്കുന്നതുമൂലം ബോർഡിനുണ്ടാകുന്ന ഏകദേശം 40 ലക്ഷം രൂപയുടെ പ്രതിവർഷ സാമ്പത്തികനഷ്ടം ക്യാഷ് സബ്സിഡി ഇനത്തിൽ മുൻകൂറായി ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ അംഗീകരിച്ചിട്ടുള്ളതിനാല്, 2012-13 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേക്ക് പ്രസ്തുത ഇനത്തിൽ 120 ലക്ഷം രൂപയും ബോർഡിന് അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2801-80-101-91—നവീകരണ നിധി (ഊർജ്ജ സമ്പാദ്യ ഏകോപന സമിതി)

2013-ലെ ബഡ്ജറ്റിൽ നവീകരണ നിധിക്കായി 5 കോടി രൂപ വകയിരുത്തുകയും 5 കോടി രൂപയുടെ വിവിധ സ്കീമുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തെങ്കിലും 2013-14-ലെ പുതുക്കിയ ബഡ്ജറ്റിൽ 3 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ 2014-15 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**അനെർട്ട്**

അനെർട്ട് പതിന്നാല് മുനിസിപ്പാലിറ്റികളിൽ എല്.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ വിതരണവും, പ്ലാനിംഗ് ബോർഡ്, മെഡിക്കൽ കോളേജ് ആശുപത്രി, താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ സോളാർപാനൽ സ്ഥാപിക്കലും, ആയിരം രൂപ സബ്സിഡിയോടെ 1898 സോളാർ റാന്തലുകളുടെ വിതരണവും 1524 പുകയില്ലാത്ത അടുപ്പുകളും വിതരണം നടത്തിയിട്ടുള്ളതായി ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

കമ്മ്യൂണിറ്റി അടുപ്പുകൾ അംഗൻവാടികളിലും സ്കൂളുകളിലും സ്ഥാപിച്ചിട്ടുള്ളതായും

സ്കൂളുകളിൽ സ്ഥാപിച്ചവ ലാഭകരമായിരുന്നുവെന്നും അടുപ്പുകൾ സൗജന്യമായാണ് നൽകുന്നതെന്നും അപേക്ഷിച്ച എല്ലാവർക്കും നൽകിയിട്ടുള്ളതായും ഡയറക്ടർ വ്യക്തമാക്കി.

പതിനായിരം വീടുകളിൽ ഒരു കിലോ വാട്ടിന്റെ സോളാർപാനൽ സ്ഥാപിക്കുന്ന പദ്ധതിപ്രകാരം ആറായിരത്തിലധികം വീടുകളിൽ പാനൽ സ്ഥാപിച്ചിട്ടുള്ളതായും ആകെ ചെലവാകുന്ന തുകയുടെ 30 ശതമാനം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാർ 39,000 രൂപ സബ്സിഡിയായും നൽകുന്നതായും കേന്ദ്രസർക്കാർ എംപാനൽ ചെയ്ത ലിസ്റ്റിലുള്ളതും കുറഞ്ഞതുക ക്വാട്ട് ചെയ്തിട്ടുള്ളതുമായ 25 പേരെയാണ് പാനൽ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും സമിതി അദ്ധ്യക്ഷൻ വിശദീകരിച്ചു.

കുഴൽമന്ദം പോളിടെക്നിക്കിൽ സ്ഥാപിക്കുന്ന രണ്ട് മെഗാവാട്ട് സോളാർ പവർപ്ലാന്റിന്റെ നിർമ്മാണത്തിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയായിട്ടുള്ളതായും പോളിടെക്നിക്കിന്റെ അഞ്ചേക്കർ സ്ഥലം ഇതിനായി കൈമാറിയിട്ടുള്ളതായും കൈമാറേണ്ട രേഖകൾ നൽകികഴിഞ്ഞതായും അഞ്ച് കോടി രൂപ പണമായി നൽകികഴിഞ്ഞതായും ഐ.എച്ച്.ആര്.ഡി. ആണ് പണി ചെയ്യിക്കേണ്ടതെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

പ്രസ്തുത വിഷയത്തിൽ മേൽ നടപടികൾക്കായി ഐ.എച്ച്.ആര്.ഡി. ഡയറക്ടറെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേരേണ്ടതാണെന്ന് സമിതി നിർദ്ദേശം നൽകി.

സമ്പൂർണ്ണ വൈദ്യുതീകൃത ജില്ലയായ പാലക്കാട്ടുള്ള ചില ഒറ്റപ്പെട്ട വീടുകളിൽ വൈദ്യുതി എത്തുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ വൈദ്യുതി എത്താത്ത വീടുകളുടെ പട്ടിക ലഭ്യമാക്കുന്നപക്ഷം വൈദ്യുതി എത്തിക്കുന്നതാണെന്ന് സമിതി അദ്ധ്യക്ഷൻ അറിയിച്ചു. ബി.പി.എല്. വിഭാഗക്കാർക്ക് സൗജന്യമായും എ.പി.എല്. വിഭാഗങ്ങൾക്ക് പോസ്റ്റിനുള്ള തുക ഈടാക്കിയുമാണ് വൈദ്യുതികണക്ഷൻ നൽകി വരുന്നതെന്നും വനാന്തരമേഖലകളിൽ വനത്തിനുള്ളിലൂടെ വൈദ്യുതിലൈൻ വലിക്കേണ്ട ബുദ്ധിമുട്ടുള്ളതിനാൽ സോളാർറാന്തൽ വിതരണം ചെയ്യുന്ന വിഷയം പരിഗണിക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

2810-00-800-99—ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാ ചെലവ്, വാടക, ഓഫീസ് ചെലവ് എന്നിവ ഉൾപ്പെടെയുള്ള ഭരണ ചെലവുകൾക്കുള്ള തുകയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത ചെലവുകൾക്ക് ഈ തുക അപര്യാപ്തമാണ്. TESM പദ്ധതി നിർത്തലായതോടുകൂടി മുൻവർഷങ്ങളിൽ ഈ പദ്ധതിയിൽനിന്നും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി

വകയിരുത്താറുള്ള തുക നിർത്തലാക്കിയിരിക്കുന്നതിനാൽ 338.84 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ**

ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ കേരളം ഇന്ത്യയിൽ രണ്ടാം സ്ഥാനത്താണെന്നും മഹാരാഷ്ട്രയാണ് ഒന്നാം സ്ഥാനത്തെന്നും മഹാരാഷ്ട്ര ഈ ഇനത്തിൽ 100 കോടി രൂപ ചെലവാക്കുമ്പോൾ കേരളം ഒരു കോടി രൂപവരെ മാത്രമേ ചെലവാക്കുന്നുള്ളുവെന്നും ഈ മേഖലയിൽ തുക വർദ്ധിപ്പിച്ചാൽ മാത്രമേ എനർജി സേവിംഗ്സിൽ പ്രയോജനം ഉണ്ടാക്കുവാൻ സാധിക്കുകയുള്ളുവെന്നും സമിതി അഭിപ്രായപ്പെട്ടു.

ഊർജ്ജസംരക്ഷണപദ്ധതികളിൽ ഒന്നായ വീട്ടമ്മമാർക്കായിട്ടുള്ള ഊർജ്ജക്ലിനിക് മുഖേന പരിശീലനം സിദ്ധിച്ച വനിത വോളന്റിയർമാർ പഞ്ചായത്തുതലങ്ങളിൽ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങളെ സംബന്ധിച്ച് വീട്ടമ്മമാർക്ക് ക്ലാസ്സ് നൽകുന്നുണ്ടെന്നും ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടെന്ന് അദ്ധ്യക്ഷൻ വിശദമാക്കി. നിലവിൽ സംസ്ഥാനത്താകെ 150 വോളന്റിയർമാർ മാത്രമാണുള്ളതെന്നും വോളന്റിയർമാരുടെ കുറവുനികത്തുന്നതിനും ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥലം എം.എല്.എ.മാർ അദ്ധ്യക്ഷനായ ഒരു സമിതിയെ നിയോഗിച്ച് ഇത് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം തയ്യാറാക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

നിലവിൽ വോളന്റിയർമാർക്ക് നൽകിവരുന്ന ഓണറേറിയം 250 രൂപയാണെന്നും ആയത് വളരെ തുച്ഛമായ ഒരു തുകയാണെന്നും ഒരു ദിവസം 25 വീടുകൾ സന്ദർശിക്കേണ്ടതുണ്ടെന്നും വകയിരുത്തിയ തുക ഒരു മാസം രണ്ട് ക്ലാസ്സുകൾ നൽകുന്നതിനുള്ള ഫണ്ട് മാത്രമേയുള്ളുവെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

നിലവിലുള്ള ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ മെച്ചപ്പെടുത്തൽ എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് പഴയ കമ്പ്യൂട്ടറുകൾ മാറ്റി പുതിയവ സ്ഥാപിക്കുക, കുട്ടികൾക്കുവേണ്ടി ഒരു ഇന്ററാക്ടീവ് വെബ്സൈറ്റ് നിർമ്മിക്കുക, വീടുകളിൽ എനർജി ഓഡിറ്റ് നടത്തുന്നതിനുവേണ്ടി ജില്ലാതല എനർജി ഓഡിറ്റേഴ്സ് എന്ന പദ്ധതി കൊണ്ടുവരിക തുടങ്ങിയവയാണ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ മെച്ചപ്പെടുത്തൽകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

എറണാകുളം, തൃശ്ശൂര്, കോഴിക്കോട് കളക്ടറേറ്റുകളിൽ എനർജി ഓഡിറ്റ് ചെയ്ത്, ഊർജ്ജകാര്യക്ഷമതാ പദ്ധതിനടപ്പാക്കി കഴിഞ്ഞതായും ബാക്കിയുള്ള 11 കളക്ടറേറ്റുകളിലും

പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതി സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയതുമൂലം പതിനായിരം യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിച്ചതായും സമിതിയെ അറിയിച്ചു.

പ്രസ്തുത പദ്ധതിക്കായി ലഭിക്കുന്ന തുകയുടെ പരമാവധി ചെലവഴിക്കേണ്ടതുണ്ടെന്നും, ഊർജ്ജമാനേജ്മെന്റിനുവേണ്ടി അംബാസിഡർമാരെ വച്ച് പരസ്യംനൽകുന്ന വിഷയം ആലോചിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായയ്യം

(01)—സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ -36—സഹായധനം

ഊർജ്ജ സംരക്ഷണ അവാർഡുകൾ നൽകുന്നതിനായും ഊർജ്ജ സംരക്ഷണ മാസാചരണം സംഘടിപ്പിക്കുന്നതിനായും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ 10 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

(02)—ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ -36—സഹായധനം.

ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെയും ശക്തിപ്പെടുത്തുന്നതിന്റെയും ആവശ്യകത അധികരിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. വിദ്യാലയങ്ങളിലെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കും എനർജി ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഊർജ്ജ സംരക്ഷണം ഊർജ്ജ മാനേജ്മെൻറ് തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തി നിലവിലെ ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഊർജ്ജ കാര്യക്ഷമതാ പഠനങ്ങള്, ഊർജ്ജ ഓഡിറ്റ് എന്നിവ നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള ഇൻസ്ട്രുമെന്റ് ബാങ്ക്, വീട്ടമ്മമാർക്ക് ഊർജ്ജ സംരക്ഷണ കാര്യങ്ങളിൽ അറിവ് പകരുന്നതിനായുള്ള ഊർജ്ജ ക്ലിനിക്കിന്റെ പ്രവർത്തനം വ്യാപകമാക്കേണ്ടതിനും, ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾക്കും മറ്റുമായി ഈ ഇനത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

(04)—സി. എഫ്. എല്.-ന്റെ സുരക്ഷിത നിർമ്മാർജ്ജനം

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

സി. എഫ്. എല്. സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതിക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും റീസൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള മൂലധനത്തിനും മറ്റു ചെലവുകൾക്കുമായി 990 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

(05)—<u>കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി</u>

സർക്കാർ ഉത്തരവ് നമ്പർ 2/2011/PD-യുടെ പരിധിയിൽ വരുന്ന ഹൈടെൻഷൻ/ എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് എനർജി ഓഡിറ്റ് റിപ്പോർട്ട് നടപ്പിലാക്കുന്നതിന് മുൻഗണന നൽകുന്നതിനും ഊർജ്ജ കാര്യക്ഷമത കെട്ടിടങ്ങളുടെ രൂപകല്പന, വ്യവസായവാണിജ്യ സ്ഥാപനങ്ങളിലെ ഊർജ്ജോപയോഗത്തിന്റെ രീതിയെപ്പറ്റിയുള്ള വിവരശേഖരം തയ്യാറാക്കുന്നതിനായിട്ടുള്ള പ്രാഥമിക ഊർജ്ജ ഓഡിറ്റിനുള്ള സബ്സിഡി സ്കീം, എനർജി ഓഡിറ്റിലൂടെ ഊർജ്ജചെലവ് കുറയ്ക്കുന്നതിനും ഗുണമേന്മ നിയന്ത്രണസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ ഊർജ്ജ സംരക്ഷണ സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിനും വ്യവസായങ്ങളിൽ മാതൃകാ പദ്ധതികൾ നടപ്പിലാക്കല്, സംസ്ഥാനത്തെ 11 സിവിൽ സ്റ്റേഷനുകളിൽ എനർജി ഓഡിറ്റ് നടത്തല്, 2 സിവിൽ സ്റ്റേഷനുകളിൽ ഓഡിറ്റ് റിപ്പോർട്ട് നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾക്കുമായി ഈ ഇനത്തിൽ 267 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4810-00-800-97—<u>സ്മോൾ ഹൈഡ്രോ പവർ ഡെവലപ്മെന്റ് (ആർ.ഐ.ഡി.എഫ്.)</u>

കുരിശ്ശടി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങള്, പഞ്ചായത്തുകൾവഴി പൊതു-സ്വകാര്യ-പഞ്ചായത്ത് പങ്കാളിത്തത്തോടുകൂടി ചെറുജലവൈദ്യുത പദ്ധതി നടപ്പിലാക്കൽ തുടങ്ങിയ ആവശ്യങ്ങളിലേക്കായി ആർ.ഐ.ഡി.എഫി-ൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 280 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## പുതിയ പദ്ധതികൾ

**നൈപുണ്യ വികസന തൊഴിലധിഷ്ഠിത ഊർജ്ജ കാര്യക്ഷമപരിപാടികൾ**

ഹോം എനർജി ഓഡിറ്റർ സർട്ടിഫിക്കേഷൻ പരിപാടികള്, ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഊർജ്ജ സംരക്ഷണ പരിപാടികള്, റ്റി. റ്റി. സി., ബി. എഡ്., എം. എഡ്. കോളേജുകളിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികള്, കുട്ടികളുടെ ഊർജ്ജ കോൺഗ്രസ് തുടങ്ങിയ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കൽ**

എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായി ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ചെറു ധനസഹായം, ഉൽപ്പന്നങ്ങളുടെ ഡെമോൺസ്ട്രേഷൻ/ വാണിജ്യവൽക്കരണം എന്നിവയ്ക്ക് ആരംഭ ധനസഹായം നൽകല്, ഇ.എം.സി.യുടെ ഗവേഷണ പരിപാടികളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് ഗവേഷണ സ്കോളർഷിപ്പ്, ഗവേഷണാധിഷ്ഠിത ശ്രേഷ്ഠ വിദ്യാപീഠം, എനർജി കൺസർവേഷൻ ആനിമേറ്റേഴ്സ് സർട്ടിഫിക്കറ്റ് കോഴ്സ്, രജിസ്റ്റേർഡ് എനർജി ഓഡിറ്റർമാരുടെ കാര്യശേഷി കൂട്ടുന്നതിനുള്ള പരിപാടി, വുമൺസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സസ്റ്റൈനബിൾ എനർജി റിസർച്ച്, സഞ്ചരിക്കുന്ന എക്സിബിഷൻ യൂണിറ്റ് തയ്യാറാക്കൽ തുടങ്ങിയ പരിപാടികൾ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനും തൊഴിൽ സാധ്യത കൂട്ടുന്നതിനും സഹായകരമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യങ്ങൾക്കായി 135 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 135 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

എനർജി മാനേജ്മെന്റ് സെന്ററിൽ ശമ്പളം, യാത്രാചെലവുകള്, തപാല്, ടെലിഫോണ്, ഇലക്ട്രിസിറ്റി, വാട്ടര്, പ്രിന്റിംഗ്, കരം, നികുതി എന്നീ പ്രവർത്തന ചെലവുകൾക്ക് അധിക തുക ആവശ്യമായി വരുന്ന സാഹചര്യത്തിൽ നോൺ പ്ലാനിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 150.05 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

അവസാനവർഷ ബി.ടെക്., എം.ടെക്. വിദ്യാർത്ഥികൾ പ്രോജക്ട് ചെയ്യാൻ വേണ്ടി എനർജിമാനേജ്മെന്റ് സെന്ററിൽ വരുന്നതായും പ്രോജക്ടുകൾ പൂർത്തിയാകുന്നതോടൊപ്പം വിദ്യാർത്ഥികൾ തിരിച്ചുപോകുകയാണ് പതിവെന്നും ചില വിദ്യാർത്ഥികൾക്ക് പ്രോജക്ട് തുടർന്നുകൊണ്ടുപോകുവാൻ താൽപര്യമുണ്ടെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ കഴിഞ്ഞും, പ്രോജക്ട് തുടർന്ന് ചെയ്യുന്നതിനുള്ള സൗകര്യം നൽകിവരുന്നതായും, ആയതിന് ആവശ്യമായ സഹായങ്ങൾ ഇ.എം.സി. നൽകുന്നതായും കൂടുതൽ വിദ്യാർത്ഥികളെ ഇതിലേക്ക് കൊണ്ടുവരുന്നതിനാണ് പദ്ധതിയെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

4810-00-800-99—<u>മീറ്റർ ടെസ്റ്റിംഗ് സ്റ്റാൻഡേഴ്സ് ലബോറട്ടറിയുടെ നവീകരണ പദ്ധതി— മരാമത്ത് പണികൾ</u>

നടപ്പു സാമ്പത്തിക വർഷം വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന കൊല്ലം, തൃശ്ശൂര്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെയും 2014-15 സാമ്പത്തിക വർഷം കോട്ടയം,

എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെയും ലബോറട്ടറികൾ എന്.എ.ബി.എല്. നിലവാരത്തിലേക്ക് ഉയർത്തുവാനും നിലവിൽ ലബോറട്ടറികൾ ഇല്ലാത്ത ജില്ലകളിൽ ലബോറട്ടറി സജ്ജീകരിക്കുവാനും ലക്ഷ്യമിട്ടിരിക്കുന്നുവെന്ന് സമിതി മനസ്സിലാക്കി. കൂടാതെ വകുപ്പുനൽകുന്ന സേവനങ്ങളെല്ലാം ഇ-പോർട്ടിലൂടെ നൽകാൻ കഴിയുംവിധം പരിപൂർണ്ണ കമ്പ്യൂട്ടർവത്ക്കരണവും 2014-15-ൽ ലക്ഷ്യമിടുന്നു. ആയതിനാൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കു പുറമെ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം 11.50 ന് പിരിഞ്ഞു.

## 2014 ഫെബ്രുവരി 25-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും) 2014 ഫെബ്രുവരി 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ 5 'എ' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹുമാനപ്പെട്ട തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോണിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. എം. ചന്ദ്രൻ , എം.എൽ .എ.
2. ശ്രീ. പി. കെ. ഗുരുദാസൻ , എം.എൽ .എ.
3. ശ്രീ. എം. ഹംസ, എം.എൽ .എ.
4. ശ്രീ. എ. കെ. ശശീന്ദ്രൻ , എം.എൽ .എ.
5. ശ്രീ. എം. എ. വാഹീദ്, എം.എൽ .എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിൽ വകുപ്പ്
2. ശ്രീ. പി. ഹരികുമാർ , അഡീഷണൽ സെക്രട്ടറി, തൊഴിൽ വകുപ്പ്
3. ശ്രീമതി ഷീജ റ്റി. എസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. ജസ്റ്റിൻ വിൽസ് ജെ. എൽ , ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. മാത്യു പി. കോശി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

6. ശ്രീ. പി. ജി. തോമസ്, ലേബർ കമ്മീഷണർ , ലേബർ കമ്മീഷണറേറ്റ്

7. ശ്രീ. കെ. ശശി, ഡയറക്ടർ , ഫാക്ടറീസ് & ബോയിലേഴ്സ്

8. ശ്രീമതി ഷൈനാമോള്.എ, ഡയറക്ടർ , ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് & ട്രെയിനിംഗ്

9. ഡോ. ജി. എല്. മുരളീധരന്, മാനേജിംഗ് ഡയറക്ടർ , ഒഡെപെക് ലിമിറ്റഡ്

10. ശ്രീ. വി. വീരകുമാര്, എക്സിക്യൂട്ടീവ് ഡയറക്ടർ , കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്

11. ശ്രീ. ബി. ജസ്റ്റിൻരാജ്, ജോയിന്റ് ഡയറക്ടർ , വിവരസാങ്കേതിക വകുപ്പ്

12. ഡോ. എം. ബീനത്ത്, ഡയറക്ടർ , ഐ.എം.എസ്.

സമിതി 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ ഭാഗമായി, ധനാഭ്യർത്ഥന നമ്പർ XXIV (തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും), XVIII (വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും), XLVI (സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും) എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയും പ്രകാരം ശുപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

2210-01-102-96—ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേകഘടക പദ്ധതികൾക്കുള്ള ചെലവ്

04—മെഡിക്കൽ ക്ലെയിംസിന്റെ റീഇംപേഴ്സ്മെന്റ്

സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിലെ ധാരാളം റീഇംപേഴ്സ്മെന്റ് അപേക്ഷകളിൽ തുകകൾ നൽകേണ്ടതുള്ളതിനാലും ഇൻഷ്വർ ചെയ്ത തൊഴിലാളികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നതിനാലും 2014-15 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 620 ലക്ഷം രൂപ ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും

2230-01-001-99—ഭരണവും നടത്തിപ്പും

ഈ ശീർഷകത്തിൽ യാത്രപ്പടി, വാഹനങ്ങളുടെ അറ്റകുറ്റപ്പണികള്, ഇന്ധനം എന്നീ ഇനങ്ങളിലേക്കായി 12.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ

ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-001-97—ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവത്ക്കരണം

2014-15 വർഷത്തെ ബജറ്റിൽ ലേബർ കമ്മീഷണറേറ്റിന്റെ കെട്ടിട നിർമ്മാണത്തിന് 4250-00-201-96 എന്ന ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ള 150 ലക്ഷം രൂപ ഈ വർഷം ആവശ്യമില്ലാത്തിനാൽ പ്രസ്തുത തുക റസ്യൂം ചെയ്യണമെന്നും കമ്മീഷണറേറ്റിന്റെ ആധുനികവൽക്കരണത്തിന് 150 ലക്ഷം രൂപ 2230--01-001-97 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-99—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

വിഹിതം—19,81,000 രൂപ (നോൺ പ്ലാൻ )

മിനിമം വേജസ് ഉപദേശക സമിതി ചെയർമാന്റെ ഓണറേറിയം നവംബർ 2013 മുതൽ പ്രതിമാസം 12,000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവ് എന്ന ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള 24,000 രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ഈ സാഹചര്യത്തിൽ നിലവിലെ വിഹിതം കൂടാതെ 1.2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കശുവണ്ടി തൊഴിലാളിക്ഷേമനിധി ബോർഡടക്കം എല്ലാ ബോർഡിന്റെയും പെൻഷൻ കണക്കുകൂട്ടിയിരിക്കുന്നത് മിനിമം പെൻഷൻ 700 രൂപ എന്ന ധാരണയിലാണെന്ന് അദ്ധ്യക്ഷൻ അറിയിച്ചു. ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ കർഷകത്തൊഴിലാളി പെൻഷൻ മാത്രമാണ് 600 രൂപ ആക്കിയിരുന്നതെന്നും, തുടർന്ന് ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ബാക്കിയെല്ലാ പെൻഷനും 100 രൂപ വർദ്ധിപ്പിച്ചതായി പറഞ്ഞതായും എന്നാൽ വകുപ്പ് ഉദ്യോഗസ്ഥർ ധരിച്ചത് എല്ലാ പെൻഷനുകളും അറുന്നൂറ് രൂപ ആക്കിയെന്നും തുടർന്ന് 100 രൂപ കൂടി വർദ്ധിപ്പിച്ച് 700 ആക്കിയെന്നുമാണ്. ഈ ധാരണയിൽ വകുപ്പ് അവതരിപ്പിച്ചിട്ടുള്ള കണക്കുകൾ തിരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

2230-01-101-96—വ്യാവസായിക ട്രിബ്യൂണൽ , ആലപ്പുഴ

-05-4—ഓഫീസ് ചെലവുകൾ —മറ്റിനങ്ങൾ

ആലപ്പുഴ വ്യാവസായിക ട്രിബ്യൂണൽ ഓഫീസിൽ ഫോട്ടോകോപ്പി മെഷീനും, കമ്പ്യൂട്ടറുകളും ഫർണിച്ചറുകളും വാങ്ങുന്നതിന് ഈയിനത്തിൽ 2.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-95 —വ്യാവസായിക ട്രിബ്യൂണല്, കോഴിക്കോട്

06—വാടക, കരം, നികുതി

വ്യാവസായിക ട്രിബ്യൂണലിന്റെ വാടക, കരം, നികുതി ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 1.71 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-94—വ്യാവസായിക ട്രിബ്യൂണൽ , കൊല്ലം

04-1—യാത്രാ ചെലവുകള്—യാത്രാബത്ത

ട്രിബ്യൂണലിന് കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ സിറ്റിംഗ് നടത്തേണ്ടതിനാൽ യാത്രാബത്ത ഇനത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 38,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

21-(2)—മോട്ടോർ വാഹനങ്ങൾ —സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് പുറമെ 77,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

99—വിവരസാങ്കേതിക വിദ്യ

ഓഫീസ് നവീകരണത്തിന്റെ ഭാഗമായി ലാപ്ടോപ്പ്, കമ്പ്യൂട്ടര്, പ്രിന്റര്, ഫാക്സ് മെഷീൻ മറ്റനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്നും, ലഭ്യമായ സേവിംഗ്സ് ധനപുനർവിനിയോഗം നടത്തിയോ അഡീഷണൽ ആതറൈസേഷൻവഴിയോ അനുവദിക്കണമെന്നും ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-93—തൊഴിൽ കോടതി, കൊല്ലം

21-1—മോട്ടോർ വാഹനങ്ങൾ

05-4—ഓഫീസ് ചെലവുകൾ —മറ്റിനങ്ങൾ

കൊല്ലം തൊഴിൽ കോടതിക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിലേക്കായി 21-1 എന്നയിനത്തിൽ 8.25 ലക്ഷം രൂപയും ഓഫീസ് ചെലവുകൾക്കായി 05-4 എന്നയിനത്തിൽ 86,500 രൂപയും അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-92—<u>തൊഴിൽ കോടതി, കോഴിക്കോട്</u>

കോഴിക്കോട് തൊഴിൽ കോടതിക്ക് പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ അധികാര പരിധിയുള്ളതിനാൽ ഒരു ഔദ്യോഗിക വാഹനം അത്യാവശ്യമാണ്. ആയതിലേക്കായി 21-1 എന്ന ഇനത്തിൽ 8.5 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05-4—<u>ഓഫീസ് ചെലവുകൾ —വൈദ്യുതി ചെലവ്</u>

പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിലേക്കും ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിലേക്കുമായി ഈ ഇനത്തിൽ നിലവിലുള്ള തുകയ്ക്ക് പുറമെ 70,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

01-4—<u>ശമ്പളം—മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ നിലവിലുള്ള തുകയ്ക്കു പുറമെ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

06—<u>വാടക, കരം, നികുതി</u>

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 92,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-91—<u>തൊഴിൽ കോടതി , എറണാകുളം</u>

05-3—<u>ഓഫീസ് ചെലവുകൾ —ടെലിഫോൺ ചെലവ്</u>

എറണാകുളം തൊഴിൽ കോടതിക്ക് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാല്, 15,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

21-2—<u>മോട്ടോർ വാഹനങ്ങൾ —സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

എറണാകുളം തൊഴിൽ കോടതിക്ക് വാഹനത്തിന്റെ ഇൻഷ്വറൻസിനും മറ്റ് ചെലവുകൾക്കുമായി നിലവിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ 25,000 രൂപ കൂടി

അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

99—വിവരസാങ്കേതിക വിദ്യ

പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ചാർജ്ജിലേക്കുമായി നിലവിലുള്ള ബജറ്റ് വിഹിതത്തിന് പുറമെ 35,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-86—വ്യാവസായിക ട്രിബ്യൂണല്, ഇടുക്കി

04-1—യാത്രാച്ചെലവുകൾ —യാത്രാബത്ത

2014-15 സാമ്പത്തികവർഷം ഈയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

04-2—യാത്രാച്ചെലവുകൾ —സ്ഥലംമാറ്റ ബത്ത

2014-15 വർഷം ഈയിനത്തിൽ 5000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05-2—ഓഫീസ് ചെലവുകൾ —വൈദ്യുതച്ചെലവ്

ഈയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05-3—ഓഫീസ് ചെലവുകൾ —ടെലിഫോൺ ചെലവ്

ഈയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 16,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05-4—ഓഫീസ് ചെലവുകൾ —മറ്റിനങ്ങൾ

ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 25,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

21-1—മോട്ടോർ വാഹനങ്ങൾ

21-2—മോട്ടോർ വാഹനങ്ങൾ —സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈ ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ പുതിയ വാഹനം വാങ്ങുന്നതിന് 12 ലക്ഷം രൂപയും, വാഹനം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 40,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

97—വാഹനങ്ങളുടെ വാടക

നിലവിൽ വ്യാവസായിക ട്രിബ്യൂണലിന് അനുവദിച്ചിട്ടുള്ള ഔദ്യോഗിക വാഹനം ഉപയോഗയോഗ്യമല്ലാത്തതിനാൽ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചുവരുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 4.19 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

99—വിവരസാങ്കേതിക വിദ്യ

പുതിയ കമ്പ്യൂട്ടർ, പ്രിൻറർ , ഫോട്ടോകോപ്പി മെഷീന്, സ്കാനർ , ഇൻവെർട്ടർ എന്നിവ വാങ്ങുന്നതിനും, റിപ്പയർ ചെയ്യുന്നതിനുമായി 1.9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-102-99—വ്യവസായശാല ഡയറക്ടറാഫീസ്

21-1—മോട്ടോർ വാഹനങ്ങൾ —വാഹനങ്ങൾ വാങ്ങൽ

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ജോലിനോക്കുന്ന തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തി സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുക, കേന്ദ്ര ഗവൺമെന്റിന്റെ സുരക്ഷാനയം നടപ്പിലാക്കുക, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന രജിസ്റ്റർചെയ്യാത്ത എണ്ണമറ്റ ഫാക്ടറികളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുക തുടങ്ങിയ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിന് 2 വാഹനങ്ങൾ കൂടി വാങ്ങുവാൻ ഈയിനത്തിൽ 49.99 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-102-95—ജോലിസുരക്ഷിതത്വവും ആരോഗ്യപ്രവർത്തനവും

ഫാക്ടറികളിലെ സുരക്ഷയുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് സമിതി ചർച്ച നടത്തുകയും കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറിയിൽ നടന്ന അപകടത്തിൽ രണ്ടുപേർ മരിക്കാനിടയായതുപോലുള്ള അപകടങ്ങൾ ഭാവിയിൽ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. കഞ്ചിക്കോട് പ്രദേശത്തെ ഫാക്ടറികളിൽ സ്ക്വാഡിനെ ഉപയോഗിച്ച് പ്രത്യേക പരിശോധന നടത്തണമെന്ന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറോട് സമിതി നിർദ്ദേശിക്കുകയും പാർലമെന്റ് തിരഞ്ഞെടുപ്പിനു ശേഷം കഞ്ചിക്കോട്ടെ ഫാക്ടറികൾ സന്ദർശിച്ച് അവിടുത്തെ തൊഴിൽസാഹചര്യം വിലയിരുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2230-01-102-98 —<u>തോട്ടങ്ങളുടെ ഇൻസ്പെക്ടർ ഓഫീസ്</u>

കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന മുഖ്യപ്ലാന്റേഷൻ ഇൻസ്പെക്ടറുടെയും അദ്ദേഹത്തിന്റെ കീഴിലുള്ള 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളുടെയും പ്രവർത്തനത്തിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 99—വിവരസാങ്കേതിക വിദ്യ എന്ന ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള 5,000 രൂപ അപര്യാപ്തമായതിനാൽ ആയത് 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-102-95—<u>ജോലി സുരക്ഷിതത്വവും ആരോഗ്യപ്രവർത്തനവും</u>

04(1)—<u>യാത്രാച്ചെലവുകള്—യാത്രാബത്ത</u>

വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി വകുപ്പ് നടത്തിവരുന്ന സുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി ഇൻഡസ്ട്രിയൽ ഹൈജീൻ ലാബിലെയും സേഫ്റ്റി സെല്ലിലെയും ഉദ്യോഗസ്ഥർക്ക് സംസ്ഥാനമൊട്ടാകെ സഞ്ചരിക്കേണ്ടിവരുമെന്ന് സമിതി വിലയിരുത്തി. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് എയർമോണിറ്ററിംഗ് സ്റ്റഡി, ക്ലൈ യോറിറ്റി സ്റ്റഡി എന്നിവ കാര്യക്ഷമമായി നടത്തുന്നതിന് നിലവിൽ യാത്രാബത്ത ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 23,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-96—<u>കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംശദാനം</u>

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിലെ 2013-14 സാമ്പത്തിക വർഷത്തെ മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനും ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക

അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 5645.33 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-94—മരംകയറ്റ തൊഴിലാളികൾക്കു ള്ള സാമ്പത്തിക സഹായം (ജനറല്)

മരംകയറ്റ തൊഴിലാളിക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്ക് 50,000 രൂപയും, സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000 രൂപയും നൽകിവരുന്നു. ഈ തുക കാലോചിതമായി പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ പ്രസ്തുത തുകകൾ യഥാക്രമം 2,00,000 രൂപയും 1,00,000 രൂപയുമായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2013-14 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക 2013 ഒക്ടോബർ വരെയുള്ള അപേക്ഷകളിന്മേലുള്ള ആനുകൂല്യങ്ങൾ നൽകുവാൻ മാത്രമേ പര്യാപ്തമായിരുന്നുള്ളൂ. 2013 നവംബർ മുതൽ മാർച്ച് വരെയും 2014-15 സാമ്പത്തിക വർഷത്തെയും ആനുകൂല്യ വിതരണത്തിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ ഈ ഇനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-92—കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമ പദ്ധതി

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ നിരക്ക് വർദ്ധിപ്പിച്ച സാഹചര്യത്തിൽ 9,500 പെൻഷൻകാരുള്ള ബോർഡിൽ 2013-14-ലെ 3 മാസത്തെ പെൻഷൻ ഉൾപ്പെടെ ഉയർന്ന നിരക്കിൽ പെൻഷൻ നൽകുന്നതിനായി ഈ ശീർഷകത്തിൽ 890.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-88—കേരള ആർട്ടിസാൻസ് ആൻറ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം

മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധിയിലേക്കുള്ള അംശദാനം വകയിരുത്തുന്ന ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-86—കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതിയും മറ്റ് പുതിയ ക്ഷേമ പദ്ധതികളും

2013-14-ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനും 2300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-79—<u>കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്</u>

കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് 2014-15 സാമ്പത്തിക വർഷംവരെ 4.01 കോടി രൂപ ഗ്രാന്റായി ലഭിക്കുവാനുള്ളതിനാൽ 2014-15 വർഷം വകയിരുത്തിയിട്ടുള്ള 22 ലക്ഷം രൂപയ്ക്കു് പുറമെ 379 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-78—<u>1-4-1997-ന് 60 വയസ്സു തികയുന്ന ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്</u>

60 വയസു തികഞ്ഞ ചുരുട്ടു തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 307 തൊഴിലാളികൾക്ക് 2013-14 സാമ്പത്തിക വർഷത്തെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2014-15 വർഷത്തേക്ക് വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ നൽകുന്നതിനും 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-73—<u>കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി—അംശദാനം</u>

2014-15 സാമ്പത്തികവർഷത്തിൽ ക്ഷേമപെൻഷൻ വർദ്ധിപ്പിച്ച സാഹചര്യത്തിൽ അംഗങ്ങൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ നൽകുവാനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത തുക 2948.04 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-72—<u>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്—അംശദാനം</u>

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് ഓരോ സാമ്പത്തിക വർഷവും തൊഴിലാളികളിൽ നിന്നും ലഭിക്കുന്ന അംശദായത്തിന് തുല്യമായ തുക സർക്കാരിൽ നിന്നും മാച്ചിംഗ് ഗ്രാന്റായി ലഭിക്കേണ്ടതാണ്. 2014-15 വർഷം ഈയിനത്തിൽ 1664.42 ലക്ഷം രൂപ സർക്കാരിൽ നിന്ന് ലഭിക്കേണ്ടതാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ 2013-14-ലെ പെൻഷൻ കുടിശ്ശിക, 2014-15 ലെ പെൻഷന്, മറ്റു ക്ഷേമാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 1588.25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-71—കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ്ക്ക് തൊഴിലാളി ക്ഷേമനിധി ബോർഡ്—അംശദാനം

2013-14-ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2014-15 വർഷം വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം 658.94 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-62—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി—സംഭാവന

ഇടുക്കി, തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം (ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെ) ആരോഗ്യം എന്നീ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാനുള്ള സംഖ്യ വകകൊള്ളിച്ചിട്ടുള്ള ഈ ശീർഷകത്തിൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ 110 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. വർഷംതോറും 5 കോടിയിലധികം രൂപ ആവശ്യമായിവരുന്ന ഒരു സാമൂഹ്യ സുരക്ഷാക്ഷേമ പദ്ധതിയായ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക 1000 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-61-10—കേരള ബാർബർ-ബ്യൂട്ടീഷൻ ക്ഷേമ പദ്ധതി—സംഭാവന

2013-14-ലെ പെൻഷൻ കുടിശ്ശികയും 2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷനും വിതരണം ചെയ്യുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 348.60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-01-103-59—പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധിയിലെ ഓരോ അംഗവും അടയ്ക്കുന്ന വിഹിതത്തിന്റെ 25% സർക്കാർ ഗ്രാന്റായി ബോർഡിന് ലഭിക്കേണ്ടതാണ്. ഈയിനത്തിൽ 2007-08 മുതൽ 2013-14 വരെയുള്ള കുടിശ്ശികയായ 175 ലക്ഷം രൂപയും 2014-15 വർഷം ബോർഡ് പ്രതീക്ഷിക്കുന്ന തൊഴിലാളി വിഹിതത്തിന്റെ 25% വരുന്ന തുകയും ഉൾപ്പെടെ 663 ലക്ഷം രൂപ സർക്കാർ ഗ്രാന്റായി അനുവദിക്കേണ്ട സാഹചര്യത്തിൽ 2014-15-ലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 513 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-57 -10—കേരള ആഭരണതൊഴിലാളി ക്ഷേമനിധി—സംഭാവന

കേരള ജൂവലറി വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് അംഗങ്ങൾ അടയ്ക്കുന്ന വിഹിതത്തിന്റെ 5% വരുന്ന തുക സർക്കാർ വിഹിതമായി നൽകേണ്ടതിനാൽ ഈ ശീർഷകത്തിൽ 1.20 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-51—സാമൂഹ്യസുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

2008-09 മുതൽ സംസ്ഥാനത്തെ എഴുത്തച്ഛൻ-ആശാട്ടി തുടങ്ങി അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക്, കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വം കൈക്കൊണ്ട് 10 കൊല്ലം വരിസംഖ്യ അടച്ച് 60 വയസ്സ് പൂർത്തിയായി റിട്ടയർ ചെയ്യുന്നവർക്ക് നിലവിലുള്ള ക്ഷേമപെൻഷനുകളുടെ നിരക്കിൽ പെൻഷൻ നൽകുന്ന പദ്ധതിയാണിത്. ലേബർ കമ്മീഷണറെയാണ് നോഡൽ ഏജന്റായി ചുമതലപ്പെടുത്തിയിട്ടുള്ളതെങ്കിലും ജില്ലകളിൽ അപേക്ഷ വിളിച്ച് അന്വേഷണം നടത്തി ജില്ലാ ലേബർ ഓഫീസർ മണിയോർഡറായി തുക അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. 2013-14-ൽ പദ്ധതി നോൺ പ്ലാൻ ശീർഷകത്തിലേക്ക് മാറ്റുകയും ടോക്കൺ പ്രൊവിഷനായി 1,000 രൂപ വകകൊള്ളിക്കുകയും ചെയ്തിരുന്നു. 6750-ഓളം പെൻഷണേഴ്സ് ഉള്ള ഈ പദ്ധതിയിൽ 2013-14 -ലെ പെൻഷൻ കുടിശ്ശികയും 2014-15 വർഷം വർദ്ധിപ്പിച്ച നിരക്കിൽ പെൻഷനും നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക 702 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-50—കേരള അലക്കുതൊഴിലാളി ക്ഷേമ പദ്ധതി

കേരള അലക്കുതൊഴിലാളി ക്ഷേമപദ്ധതി വ്യവസ്ഥപ്രകാരം തൊഴിലാളി വിഹിതത്തിന്റെ 20% സർക്കാർ വിഹിതമായി നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ 2014-15 വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള സർക്കാർ വിഹിതം 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-01-103-35—കേരള ചുമട്ടുതൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവര്) ക്ഷേമപദ്ധതി

കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ സംസ്ഥാനത്തെ ചിതറിക്കിടക്കുന്ന ചുമട്ടുതൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതിയുടെ ചെലവിനത്തിനായുള്ളതാണ് ഈ ശീർഷകം. 2010-11-ൽ ഈ ഇനത്തിൽ 2,55,00,000 രൂപ

അനുവദിച്ചിരുന്നു. 2013-14-ൽ 1,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. വിവിധ ആനുകൂല്യങ്ങളും പെൻഷനും നൽകിവരുന്ന മേൽ പദ്ധതിക്ക് താൽക്കാലിക ചെലവുകളും പെൻഷനും ഇതര ആനുകൂല്യങ്ങളും നൽകുന്നത് പൊതുക്ഷേമനിധി ഫണ്ടിൽ നിന്നുമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 530 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-34—<u>കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി</u>

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-15—<u>നഗരങ്ങളിലെ അസംഘടിതരായ ദരിദ്ര തൊഴിലാളികൾക്കായുള്ള ചെലവുകുറഞ്ഞ ഭവനനിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസ പദ്ധതിയും</u>

സംസ്ഥാനത്തെ ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനുള്ള പ്രസ്തുത പദ്ധതിക്ക് 2013-14 സാമ്പത്തികവർഷം 20 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും ആയത് പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കാതിരുന്നതിനാൽ 2014-15 വർഷത്തേക്ക് 10 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തി. തൊഴിലുടമകളിൽ നിന്ന് സൗജന്യമായി ഭൂമി ലഭിച്ചാൽ വീട് നിർമ്മിച്ചു നൽകുന്നതിനുള്ള ചെലവിന്റെ ഒരു ഭാഗം സർക്കാർ വഹിക്കുമെന്നും ബാക്കിത്തുക ഓരോ ഗുണഭോക്താവിന്റെയും സാമ്പത്തിക സ്ഥിതിയനുസരിച്ച് തിരിച്ചടപ്പിക്കാമെന്നാണ് ഉദ്ദേശിക്കുന്നതെന്നും അതിന് സാധിച്ചില്ലെങ്കിൽ നിലവിലുള്ള ലയങ്ങൾ പുതുക്കുന്നതാണെന്നും ഓരോരുത്തർക്കും സ്വന്തമായി വീട് എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും സമിതി വെളിപ്പെടുത്തി.

സമിതിയോഗത്തിന്റെ പരിഗണനയ്ക്കുള്ള കുറിപ്പുകൾ സമിതി അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടായതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും യോഗത്തിനുള്ള കുറിപ്പുകൾ അംഗങ്ങൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്ന് വകുപ്പുസെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തു.

2230-01-103-32—<u>കേരളത്തിലെ വിലവിവരസൂചിക നിർണ്ണയം</u>

2010 അടിസ്ഥാന വർഷമാക്കി സംസ്ഥാനത്തെ വിലവിവരസൂചിക നിർണ്ണയി

ക്കുന്നതിന് കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തുവാൻ സംസ്ഥാന സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. കുടുംബ ബഡ്ജറ്റ് സർവ്വേ പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട കമ്മിറ്റിയുടെ കാലാവധി 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ശമ്പളം, യാത്രാപ്പടി, ഓഫീസ് ചെലവ് എന്നീ ഇനങ്ങളിൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകകൊള്ളിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-30—<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u> (പ്ലാന്)

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ചുനടന്ന ചർച്ചയിൽ പ്രസ്തുത പദ്ധതിയിൽ പങ്കാളികളായിട്ടുള്ള ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല ഗ്രീവൻസ് സെൽ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും ബില്ലുകൾ ആശുപത്രികൾ നിരസിക്കുന്നതായി പരാതി വരുമ്പോൾ ജില്ലാതല ഗ്രീവൻസ് സെൽ ആയത് പരിശോധിച്ച് ശുപാർശ നൽകുമെന്നും ഏതെങ്കിലും കാരണത്താൽ ജില്ലാതല ഗ്രീവൻസ് സെൽ ആയത് നിരസിച്ചാൽ സംസ്ഥാനതല ഗ്രീവൻസ് സെൽ അത് പരിശോധിച്ച് തീരുമാനമെടുക്കുമെന്നും പ്രസ്തുത തീരുമാനം അന്തിമമായിരിക്കുമെന്നും സമിതി വിശദമാക്കി. പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായവരിൽ നിന്നും സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന തുകയ്ക്ക് നിയന്ത്രണം ഏർപ്പെടുത്താൻ സാധിക്കില്ലെന്നും പ്രസ്തുത കാര്യങ്ങൾ പരിശോധിക്കുന്നതിനായി ചിയാക്കിനെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും കൂട്ടിച്ചേർത്തു.

2230-01-103-20—<u>കേരള ചുമട്ടുതൊഴിലാളി (അൺഅറ്റാച്ച്ഡ് വിഭാഗം) ക്ഷേമ പദ്ധതി</u>

കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിനോട് ചേർന്ന് പ്രവർത്തിക്കുന്ന കേരള ചുമട്ടുതൊഴിലാളി (അൺഅറ്റാച്ച്ഡ് വിഭാഗം) ക്ഷേമ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക 4.6 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-01-103-10—<u>വിദേശതൊഴിലന്വേഷകർക്കും പിന്നോക്കവിഭാഗത്തിൽപ്പെട്ടവർക്കുമുള്ള പ്രീ-ഇന്റർവ്യൂ പരിശീലനവും ഒ.ഡി.പി.സി. ലിമിറ്റഡിന്റെ ശാക്തീകരണവും</u>

വിദേശ തൊഴിലന്വേഷകർക്കും വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരുന്നവർക്കും മാർഗ്ഗനിർദ്ദേശവും പരിശീലനവും ഉൾപ്പെടെയുള്ള സഹായങ്ങൾ

ചെയ്യുന്നതിനായി ഒരു മൈഗ്രന്റ് റിസോഴ്സ് സെന്റർ ആരംഭിക്കുക, 1977 മുതൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കു ക എന്നീ ആവശ്യങ്ങൾക്കായി 2014-15 വർഷത്തെ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായിതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-02-001-99—<u>എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ</u>

01-4 —<u>മെഡിക്കൽ റീഇംപേഴ്സ്മെൻറ്</u>

2013-14 സാമ്പത്തിക വർഷം വകയിരുത്തിയ 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ എല്ലാ എം.ആര്.ഐ. ക്ലെയിമുകളും അനുവദിക്കുവാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ വർഷത്തെ ക്ലെയിം ഉൾപ്പെടെ നൽകുവാൻ 2014-15 സാമ്പത്തിക വർഷം വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാല്, ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

04-1—<u>യാത്രാച്ചെലവുകള്—യാത്രാബത്ത</u>

2013-14 വർഷത്തെ യാത്രാപ്പടി ഉൾപ്പെടെ നിരവധി അപേക്ഷകൾ തീർപ്പാക്കാനുള്ളതിനാൽ 2014-15 വർഷം അനുവദിച്ചിട്ടുള്ള തുകയ്ക്കു പുറമെ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

04-4— <u>യാത്രാച്ചെലവുകള്—അവധിയാത്ര ആനുകൂല്യം</u>

15 വർഷം സേവനം പൂർത്തിയാക്കിയ 400-ഓളം ഉദ്യോഗസ്ഥർ സേവനമനുഷ്ഠിക്കുന്നതിനാൽ ഉദ്യോഗസ്ഥർക്ക് അവധിയാത്രാ ആനുകൂല്യം നൽകുന്നതിനായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ നിലവിലുള്ള ബജറ്റ് വിഹിതത്തിന് പുറമെ 7 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

05-2— <u>ഓഫീസ് ചെലവുകള്—വൈദ്യുതി ചെലവ്</u>

വൈദ്യുതി ചാർജ്ജിനത്തിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് ഈയിനത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

06 —<u>വാടക, കരം, നികുതി</u>

എംപ്ലോയ്മെൻറ് വകുപ്പിന്റെ കീഴിലുള്ള അൻപത് ശതമാനത്തോളം കെട്ടിടങ്ങൾ

വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടവാടക പുതുക്കി നിശ്ചയിക്കുമ്പോൾ ഉണ്ടാകാവുന്ന കുടിശ്ശിക, ഇതുവരെ വാടക നിശ്ചയിക്കാതെ റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശിക എന്നിവ കണക്കിലെടുക്കുമ്പോൾ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2014-15 സാമ്പത്തികവർഷം 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

34 —<u>മറ്റ് ചെലവുകൾ</u>

സി.എന്.വി. ആക്ട് 1959 കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചെയ്യേണ്ട പെരിപ്പതറ്റിക് സർവ്വേ 2014-15 സാമ്പത്തിക വർഷം മൂന്നു ജില്ലകളിൽ നടത്തുന്നതിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.73 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

97 —<u>വാഹനങ്ങളുടെ വാടക</u>

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മുഖേന നടപ്പിലാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതികളായ കെസ്റു, മൾട്ടിപ്പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്സ്, ശരണ്യാ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ്, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ ഇന്റേണൽ ആഡിറ്റ് ശാക്തീകരിക്കുക, തൊഴിൽരഹിത വേതന വിതരണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തുക, ഇ.എം.ഐ., വൊക്കേഷൻ ഗൈഡൻസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവയിലേക്കായി 14 ജില്ലാ എംപ്ലോയ്മെൻറ് ഓഫീസുകളിലേക്കും 3 റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എംപ്ലോയ്മെൻറ് ഓഫീസുകളിലേക്കും വാഹനം വാങ്ങുന്നതിനായി ആരംഭിച്ച ഈ ഉപശീർഷകത്തിൽ 1,000 രൂപയേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ഈയിനത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

99 —<u>വിവരസാങ്കേതിക വിദ്യ</u>

കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുള്ള ഓഫീസുകളിലെ മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസിനായി 2014-15 വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-02-001-98—<u>എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെൻറ്</u>

ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവത്ക്കരണം

നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നൽകുന്ന സേവനങ്ങൾ ഓൺലൈനായി നൽകുവാൻ വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് കെ.എസ്.ഐ.റ്റി.എം.മായി കരാർ ആയിട്ടുണ്ടെന്നും സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും ആട്ടോമേറ്റഡ് ഓഫീസ് സംവിധാനത്തിലേക്ക് മാറ്റുന്നതിന് 2014-15 സാമ്പത്തിക വർഷം ലക്ഷ്യമിടുന്നുവെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ പഴയ കമ്പ്യൂട്ടറുകളും പ്രിന്ററുകളും മാറ്റിസ്ഥാപിക്കേണ്ടതും ആവശ്യമാണ്. പ്രസ്തുത ആവശ്യങ്ങൾക്കായി 2014-15 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ബജറ്റ് വിഹിതത്തിനു പുറമെ 60.02 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-02-101-91—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകള്/ഉപേക്ഷിക്കപ്പെട്ടവര്/വേർപിരിഞ്ഞവര്/അവിവാഹിതര്/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി

നാഷണൽ എംപ്ലോയ്മെൻറ് വകുപ്പ് 2010-2011-ൽ പുതുതായി അനുവദിച്ച സ്വയംതൊഴിൽ പദ്ധതിയാണിത്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെമാത്രം വരുമാനമുള്ള വിധവ/ഉപേക്ഷിക്കപ്പെട്ട/ വിവാഹമോചിത/അവിവാഹിത അമ്മ/35-ന്മേൽ പ്രായമുള്ള അവിവാഹിത വിഭാഗങ്ങളിൽ പെടുന്ന വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 50,000 രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. നിലവിൽ പരിശീലനം നൽകിയ 700 അപേക്ഷകരുണ്ട്. കൂടാതെ 5000 അപേക്ഷകൾ ധനസഹായം ലഭിക്കുന്നതിനായി വകുപ്പിൽ ലഭ്യമായിട്ടുണ്ട്. നിലവിലെ ബജറ്റ് വിഹിതം ഉപയോഗിച്ച് 3000 പേർക്ക് മാത്രമേ ധനസഹായം നൽകുവാൻ കഴിയുകയുള്ളൂവെന്നതിനാൽ 2014-15 വർഷം ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമെ 600 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-02-101-89—പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

എറണാകുളം, കോഴിക്കോട് എന്നീ സി.ജി.സി.കളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടത്തിക്കൊണ്ട് പോകുന്നതിനായി 2014-15 സാമ്പത്തിക വർഷത്തേക്ക്

34—മറ്റു ചെലവുകൾ എന്ന ഇനത്തിൽ 2.60 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും 2.33 ലക്ഷം രൂപ മാത്രമാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടുന്നതാകയാൽ സി.ജി.സി. കളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നിലവിൽ വകയിരുത്തിരിക്കുന്ന തുകയ്ക്ക് പുറമെ 27,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-02-101-88—<u>എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളെ എംപ്ലോയ്ബിലിറ്റി ഡെവലപ്മെൻറ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റൽ</u>

2014-15 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 270 ലക്ഷം രൂപ വിനിയോഗിച്ച് സ്വന്തമായി കെട്ടിടമുള്ള ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള 5 ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള തുടർചെലവുകൾക്കായി ഈ ശീർഷകത്തിൽ 280 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

(i) 2230-03-001-98—<u>സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ</u>

(ii) 4250-00-800-98—<u>ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന്റെ സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ</u>

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്റ്റാഫ് ട്രെയിനിംഗ് ആന്റ് ടെക്നോളജി അപ്ഡേറ്റിംഗ് എന്ന സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം വകുപ്പിലെ ജീവനക്കാർക്ക് ആധുനിക സാങ്കേതിക വിദ്യയിലും കാലത്തിന് അനുസൃതമായി പരിഷ്കരിക്കുന്ന പാഠ്യ പദ്ധതിയിന്മേലും പരിശീലനം നൽകുക എന്നതാണ്. 2013-14 സാമ്പത്തിക വർഷം വരെ ഈ പദ്ധതിയുടെ ശീർഷകം 2230-03-001-98 എന്നത് മാത്രമായിരുന്നു. 2014-15 സാമ്പത്തിക വർഷം മുതൽ പദ്ധതിയുടെ ശീർഷകം 4250-00-800-98 ആയി അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ട്രെയിനിംഗ് ആവശ്യത്തിനും സാധന സാമഗ്രികൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണത്തിനും നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി പഴയതും തുടർന്നുവരുന്നതുമായ 2230-03-001-98 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-03-101-87—<u>ഐ.ടി.ഐ.കളുടെ നവീകരണം</u>

സംസ്ഥാനത്തെ നിലവിലുള്ള ട്രേഡുകള്, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, നിലവിലുള്ള ഐ.ടി.ഐ.കളുടെ പദവി ഉയർത്തല്, തൊഴിലധിഷ്ഠിത ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കല്, എന്.സി.വി.റ്റി.യുമായി അഫിലിയേറ്റ് ചെയ്യുന്നതിനുവേണ്ടി യന്ത്രോപകരണങ്ങളുടെ സംഭരണം, നിലവിലുള്ള ഐ.ടി.ഐ.കളിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി ആധുനിക ട്രേഡുകൾ തുടങ്ങുന്നതോടൊപ്പം കൂടുതൽ യൂണിറ്റുകൾ ഉള്ള ട്രേഡുകളിൽ ആധുനിക യൂണിറ്റുകൾ നവീകരിക്കുക എന്നിവയ്ക്കായി 4159 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ നിലവിലെ ഐ.ടി.ഐ.കളിലെ മരാമത്ത് പണികൾ കൂടി ഉൾപ്പെടുത്തിയാണ് പ്രസ്തുത ശീർഷകത്തിൽ തുക അനുവദിച്ചിരിക്കുന്നത്. ആയതിനാൽ നിലവിലെ വിഹിതത്തിന് പുറമെ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-03-101-83—<u>ഐ.ടി.ഐ.കൾ ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ</u> (75% കേന്ദ്ര സഹായം)

സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി.ഐ.കളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ അഞ്ച് ഐ.ടി.ഐ.കൾ ആഭ്യന്തര സഹായത്തോടെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ടെന്നും ഏഴ് ഐ.ടി.ഐ.കൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി വേൾഡ് ബാങ്കിന്റെകീഴിൽ നടന്നുവരുന്നു വെന്നും ഇതിന്റെ 25% ചെലവ് സംസ്ഥാന സർക്കാരും 75% ചെലവ് കേന്ദ്ര സർക്കാരുമാണ് വഹിക്കേണ്ടതെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ഐ.ടി.ഐ.കളിലെ ഇൻസ്ട്രക്ടർമാർക്ക് ഒരു വർഷത്തെ പരിശീലനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ ആരംഭിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ഓഫ് ട്രെയിനേഴ്സ് എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി 990 ലക്ഷം രൂപയുടെ പ്രോജക്ട് കേന്ദ്ര സർക്കാരും ലോകബാങ്കും അംഗീകരിക്കുകയും ആദ്യഗഡുവായി 465 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ വിഹിതവും പദ്ധതികളുടെ നടത്തിപ്പിനായി സ്ഥാപിച്ചിട്ടുള്ള സ്റ്റേറ്റ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും മറ്റു ചെലവുകൾ തുടങ്ങിയ ആവശ്യങ്ങൾക്കായി 1900 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-03-101-79—കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട്

ആധുനികവൽക്കരണത്തിന്റെ ഭാഗമായി തകർച്ചയെ നേരിടുന്ന സംസ്ഥാനത്തെ പരമ്പരാഗത കരകൗശലമേഖലയ്ക്ക് നവഊർജ്ജം നൽകി പുനരുജ്ജീവിപ്പിക്കുവാൻ സ്ഥാപിതമായിട്ടുള്ള കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിനെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാനും പരിശീലനം വിപുലപ്പെടുത്തുവാനും ലക്ഷ്യമിടുന്ന വെന്നും പ്രസ്തുത സ്ഥാപനം നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്) എന്ന സ്ഥാപനവുമായി മെർജ് ചെയ്തിരിക്കുന്നുവെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ഇതിന്റെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത തിനാൽ 172 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-03-101-77—പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഗവ. ഐ.ടി.ഐ.കളെ ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ (100% കേന്ദ്ര സഹായം)

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ, വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ 22 ഐ.ടി.ഐ.കളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലെ 4 ഐ.ടി.ഐ. കളുടെയും നിലവാരം ഉയർത്തുന്നതിന്, 100% കേന്ദ്ര ധനസഹായം ലഭിക്കുന്ന പദ്ധതിയുടെ നടത്തിപ്പിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പ്രവർത്തനം നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെല്ലിന്റെ പ്രവർത്തന ചെലവുകൾക്കായി 6 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-03-800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആൻറ് എംപ്ലോയ്മെന്റ്—സഹായധനം

കിലെയെ ദേശീയ നിലവാരമുള്ള സ്ഥാപനമായി ഉയർത്തി തൊഴിൽ ഭവനിൽ കിലെയ്ക്ക് അനുവദിച്ച കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഡ്മിനിസ്ട്രേറ്റീവ് ആഫീസായി ഉപയോഗിക്കുന്നതിനും പുറത്ത് അക്കാദമിക് കോഴ്സുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങളോടുകൂടി ഒരു സംവിധാനം സംഘടിപ്പിക്കുന്നതിനുള്ള സ്ഥലം വാങ്ങുന്നതിനും, ആദ്യനിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനും, 'കിലെ'യുടെ

പ്രവർത്തനങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും ആധുനികവൽക്കരണത്തിനും ഇ-ഗവേർണൻസിനും പുതിയ മേഖലകളിൽ ഗവേഷണം, കാലോചിതമായ പരിശീലന പരിപാടികള്, ബോധവൽക്കരണ പരിപാടികൾ എന്നീ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 10151 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-03-800-94—<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആൻറ് എംപ്ലോയ്മെന്റ്—സഹായധനം</u>

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനും ദൈനംദിന പ്രവർത്തനങ്ങൾക്കുമായി 2014-2015 വർഷത്തെ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11.05 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

## പുതിയ പദ്ധതി ശുപാർശകളിൽ അംഗീകരിക്കാത്തവ

**പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ**

സംസ്ഥാനത്ത് പുതുതായി 5 ഐ.ടി.ഐ-കൾ സ്ഥാപിക്കുന്നതിനും യന്ത്രസാമഗ്രി കളുടെ സംഭരണം, അടിസ്ഥാനസൗകര്യ വികസനം, കെട്ടിടം/വർക്ക്ഷോപ്പ് നിർമ്മാണം എന്നീ ആവശ്യങ്ങൾക്കായി 200 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 2014-15 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാല്, പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നതിലേക്കായി 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**പരീക്ഷാ വിഭാഗത്തിന്റെ നിലവാരം ഉയർത്തൽ**

പരീക്ഷകൾ സെമസ്റ്റർ സമ്പ്രദായത്തിലേക്ക് മാറുകയും ഐ.ടി.ഐ.കളുടെ എണ്ണം അധികരിക്കുകയും ഒട്ടനവധി പുതിയ പദ്ധതികൾ ഡി.ജി.ഇ.റ്റി. നടപ്പിലാക്കുകയും ചെയ്തതോടെ പരീക്ഷാ വിഭാഗത്തിന്റെ ജോലിഭാരം വർദ്ധിച്ചതായും ആയതിനാൽ പരീക്ഷാ വിഭാഗത്തിന്റെ നിലവാരം ഉയർത്തണമെന്നും ആയതിലേക്കായി 200 ലക്ഷം രൂപ വകയിരുത്തണമെന്നും ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത ആവശ്യം അംഗീകരിക്കുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത ആവശ്യം അംഗീകരിക്കണമെന്നും ആയതിലേക്കായി 200 ലക്ഷം രൂപ അധികമായി

അനുവദിക്കണമെന്നും ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**നാല് ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തൽ**

സംസ്ഥാനത്ത് സ്വന്തമായി കെട്ടിടവും സ്ഥലവും ഉള്ള നാല് ഐ.ടി.ഐ.കളായ ആര്യനാട്, കല്പറ്റ, കൊയിലാണ്ടി, കുഴൽമന്ദം എന്നിവിടങ്ങളിൽ കൂടുതൽ ട്രേഡുകൾ ഉൾപ്പെടുത്തി ഒന്നാംനിര ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുവാനും ആയതിലേക്ക് അധിക യന്ത്രസാമഗ്രികളുടെ സംഭരണം, നിർമ്മാണ പ്രവർത്തനം എന്നീ ആവശ്യങ്ങൾക്കായി 1300 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ 1300 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**കരിയർ ഡെവലപ്മെന്റ് മിഷൻ**

സംസ്ഥാനത്തെ ഐ.ടി.ഐ.കളിലെ പരിശീലന നിലവാരം ഉയർത്തുന്നതിനായി പരിശീലകർക്ക് മതിയായ പരിശീലനം നൽകുന്നതിന്/നേടുന്നതിന് സൗകര്യമുണ്ടാക്കുക, പരിശീലകന് ഉയർന്ന യോഗ്യത നേടുന്നതിന് അവസരമുണ്ടാക്കുക, പ്രമുഖ കമ്പനികളുമായി സഹകരിച്ച് പരിശീലനത്തിന് അവസരമുണ്ടാക്കുക, കൂടുതൽ ഹ്രസ്വകാല പരിശീലനത്തിന് അവസരമുണ്ടാക്കുക എന്നിവ അനിവാര്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത ആവശ്യങ്ങളിലേക്കായി 2014-15 സാമ്പത്തിക വർഷം 50 ലക്ഷം രൂപ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ പദ്ധതി അംഗീകരിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ആയതിനാൽ പദ്ധതി അംഗീകരിക്കണമെന്നും പദ്ധതി ആവശ്യങ്ങളിലേക്കായി 50 ലക്ഷം രൂപ അനുവദിക്കണമെന്നും ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

തുടർന്ന് കഴക്കൂട്ടം വനിതാ ഐ.ടി.ഐ.യുടെ നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു. ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി വകയിരുത്തിയിരുന്ന 15 കോടി രൂപ നൽകിക്കഴിഞ്ഞുവെന്നും എന്നാൽ കരാറുകാർ എസ്റ്റിമേറ്റ് പുതുക്കി കൂടുതൽ തുക ആവശ്യപ്പെട്ടിരിക്കുകയാണെന്നും ആയതിന്റെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടെന്നും സ്പെഷ്യൽ ഓഫീസർ സമിതിയെ അറിയിച്ചു. തുടർന്ന് കഴക്കൂട്ടം വനിതാ ഐ.ടി.ഐ.യുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

4250-00-800-99 —നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട്

2011-12-ൽ എം. എല്. എ. ഫണ്ടിന്റെ വാർഷിക വിഹിതം ഒരു കോടി രൂപയാക്കി വർദ്ധിപ്പിച്ചെങ്കിലും ആ വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തതിനാൽ വർദ്ധിപ്പിച്ച

വിഹിതം റിലീസ് ചെയ്തിരുന്നില്ല. ഈ തുക 2012-13-ലെ വിഹിതത്തിൽ നിന്നാണ് അനുവദിച്ചത്. ആയതിനാൽ 2012-13-ലെ വിഹിതമായ 141 കോടിയിൽ 35.25 കോടിയുടെ കുറവുണ്ടായി. 2013-14-ലെ വിഹിതമായ 141 കോടിയിൽനിന്ന് മുൻവർഷത്തെ കുടിശ്ശിക 35.25 കോടി രൂപ അനുവദിക്കുകയുണ്ടായി. 2013-14-ൽ റിലീസ് ചെയ്യാൻ ബാക്കിയുള്ള 3525 ലക്ഷം രൂപ 2014-15 വർഷം ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷയും ക്ഷേമവും

2235-60-102-98—കർഷകത്തൊഴിലാളി പെൻഷൻ

2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ കർഷകത്തൊഴിലാഴി പെൻഷൻ നിരക്ക് 600 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ പെൻഷൻ വിതരണത്തിന് 11426.658 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ഉച്ചയ്ക്ക് 12.00 മണിക്ക് സമിതിയോഗം പിരിഞ്ഞു.

## 2014 മാർച്ച് 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) 2014 മാർച്ച് മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദ്ദവസരത്തിൽ സമിതിയുടെ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. എ. കെ. ബാലൻ , എം.എൽ .എ.
2. ശ്രീ. എം. ഹംസ, എം.എൽ .എ.
3. ശ്രീ. എന്. എ. നെല്ലിക്കുന്ന്, എം.എൽ .എ.
4. ശ്രീ. എ. കെ. ശശീന്ദ്രൻ , എം.എൽ .എ.
5. ശ്രീ. എം. എ. വാഹീദ്, എം.എൽ .എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

2. ശ്രീ. റ്റി. എം. രത്നാകരൻ , ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

സമിതി 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

(i) കരട് റിപ്പോർട്ടിലെ ഖണ്ഡിക 32-ലെ നാലാമത്തെ വരിയിലെ '8.905 ലക്ഷം രൂപ' എന്നതിനു പകരം '890.5 ലക്ഷം രൂപ' എന്ന് ചേർക്കുവാനും;

(ii) ഖണ്ഡിക 37-ലെ നാലാമത്തെ വരിയിൽ '294.804 ലക്ഷം രൂപ' എന്നതിനുപകരം '2948.04 ലക്ഷം രൂപ' എന്ന് ചേർക്കുവാനും;

(iii) ഖണ്ഡിക 74-ലെ ഏഴാമത്തെ വരിയിലെ '35.25 ലക്ഷം രൂപ' എന്നത് '3525 ലക്ഷം രൂപ' എന്നും;

(iv) ഖണ്ഡിക 75-ലെ ഏഴാമത്തെ വരിയിലെ '380.24 കോടി രൂപ' എന്നത് '38024 ലക്ഷം രൂപ' എന്നും;

(v) ഖണ്ഡിക 77-ലെ അഞ്ചാമത്തെ വരിയിലെ '2 കോടി രൂപ' എന്നത് '200 ലക്ഷം രൂപ' എന്നും;

(vi) ഖണ്ഡിക 81-ലെ രണ്ടാമത്തെ വരിയിലെ 'നിർമ്മാർജ്ജന പ്ലാന്റ് ' എന്നത് 'റീസൈക്ലിംഗ് പ്ലാന്റ് ' എന്നും മാറ്റുവാൻ തീരുമാനിച്ചു.

(vii) ഖണ്ഡിക 86-ന് ശേഷമുള്ള '4810-00-800-90' എന്ന ശീർഷകം '4810-00-800-99' എന്നും മാറ്റുവാൻ തീരുമാനിച്ചു.

കൂടാതെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി 25-2-2014-ൽ ചേർന്ന യോഗത്തിൽ തൊഴിലും പുനരധിവാസവും വകുപ്പ് തയ്യാറാക്കിയ കുറിപ്പിൽ ക്ഷേമനിധി പെൻഷനുകൾ കണക്കാക്കിയതിൽവന്ന തെറ്റ് തിരുത്തണമെന്ന സമിതി നിർദ്ദേശപ്രകാരം, തൊഴിലും പുനരധിവാസവും വകുപ്പ് ആയത് ലഭ്യമാക്കുന്ന പുതുക്കിയ തുകകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാനും സമിതി നിർദ്ദേശിച്ചു.

രാവിലെ 11 മണിക്ക് സമിതി യോഗം പിരിഞ്ഞു.

അനുബന്ധം II

GOVERNMENT OF KERALA

**Abstract**

LABOUR & REHABILITATION DEPARTMENT—INDUSTRIAL TRAINING DEPARTMENT—TAKING OVER OF TWO (2) ITI'S FUNCTIONING UNDER THE SCHEDULED TRIBE DEVELOPMENT DEPARTMENT BY THE INDUSTRIAL TTRAINING DEPARTMENT—ORDERS ISSUED

LABOUR & REHABILITATION (C) DEPARTMENT

G.O.(Ms.)No.139/2013/LBR. *Dated, Thiruvananthapuram, 11th November, 2013.*

Read:— (1) Lettter No.304/Sub.C.C1/12/Leg. dated 13-3-2013 from Secretary, Legislature Secretariat, Kerala.

2) Minutes of meeting held by the Hon'ble Minister for Labour & Rehabilitation on 25-6-2013.

(3) Letter No.11/10491/2013 dated 26-7-2013 of the Director of Training.

ORDER

The Secretary, Kerala Legislature Secretariat as per reference (1) read above, informed the Government, the recommendation of the Subject Committee VII (Electricity, Labour and Labour Welfare), that the ITI's working under SC/ST Development Departments should be brought under the Industrial Training Department, considering the poor condition of these ITI's.

2. In the circumstance, a meeting was convened under the Chairmanship of Hon'ble Minister for Labour and Rehabilitation with the Hon'ble Ministers for SC

Development and ST Development to explore the possibility of bringing the ITI's of SC/ST Development Department under the control of Labour Department. In the meeting held on 25-6-2013, the Scheduled Tribe Development Department fully agreed to the proposal of taking over of the two (2) ITI's working under that Department of Industrial Training Department.

3. The Director of Training as per the letter read as 3rd paper above sought necessary orders for taking over the two ITI's. i.e. ITI, Kuttamala in Thiruvananthapuram District and ITI, Nadukani in Idukki District now under the Scheduled Tribe Development Department by the Industrial Training Department. Government examined the proposal submitted by the Director of Training in detail, and are pleased to order the taking over of the two ITI's (i.e. ITI, Kuttamala in Thiruvananthapurm District and ITI, Nadukani in Idukki District) by the Industrial Training Department from the control of Scheduled Tribe Development Department.

4. The Director of Training should take further steps to approach the Revenue Departments to the land and building of these two ITI's, in possession of the Industrial Training Department.

By order of the Governor,

S. Giri Prem Anand,

*Additional Secretary to Government.*

To

The Director of Training, Thiruvananthapuram.

The Director, Scheduled Tribe Development Department, Thiruvananthapuram.

The Scheduled Tribe Development Department (vide U.O. No.13196/ E2/13/SCST Devp. Dept.)

The Secretary, Kerala Legislature Secretariat, Thiruvananthapurm (with covering letter)

The Stock File/Office Copy.